**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിനൊന്നാമത് റിപ്പോർട്ട്

(2015 മാർച്ച് 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-98)യുടെ അഞ്ചാമത് റിപ്പോർട്ടിലെ (പ്ലാസ്റ്റിക് മാലിന്യങ്ങൾമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി

# (2014-2016)

പതിനൊന്നാമത് റിപ്പോർട്ട്

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-98)യുടെ അഞ്ചാമത് റിപ്പോർട്ടിലെ (പ്ലാസ്റ്റിക് മാലിന്യങ്ങൾമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

327/2015.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | | .. v |
| മുഖവുര | | .. vii |
| അദ്ധ്യായം I: | റിപ്പോർട്ട് | .. 1 |
| അദ്ധ്യായം II: | റിപ്പോർട്ടിലെ ശിപാർശകളും അതിൻമേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും | .. 3 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

" എ. എം. ആരിഫ്

" കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

" കെ. എം. ഷാജി

" എം. വി. ശ്രേയാംസ് കുമാർ

" പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

" ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

" ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഫെബ്രുവരി മാസം 11-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*ചെയർമാൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഫെബ്രുവരി 11.

# റിപ്പോർട്ട്

## അദ്ധ്യായം I

പത്താം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (1996-98)യുടെ അഞ്ചാമത് റിപ്പോർട്ട് (പ്ലാസ്റ്റിക് മാലിന്യങ്ങൾമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച്) 1997 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയതിന്റെ ഫലമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാത്ത സ്ഥലംതന്നെ നമ്മുടെ സംസ്ഥാനത്തില്ലാതായിരിക്കുന്നുവെന്ന് വിലയിരുത്തിയ സമിതി ഗുരുതരമായ ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും നമ്മുടെ സാമൂഹ്യ സാമ്പത്തിക മേഖലകളുമായി ഇതിനകം ഇഴുകിച്ചേർന്ന് കഴിഞ്ഞിട്ടുള്ള പ്ലാസ്റ്റിക്കിന്റെ ഉല്പാദനവും ഉപയോഗവും കുറയ്ക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പുനഃരുൽപാദനം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഇതുമായി ബന്ധപ്പെട്ട് പത്ത് ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിലൂടെ നൽകുകയുണ്ടായി. സമിതിയുടെ ശിപാർശകളിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 8-12-1997-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

സമിതിയുടെ 5-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ച് രണ്ടുവർഷം പൂർത്തിയായിട്ടും പ്ലാസ്റ്റിക്മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കാതിരിക്കുകയും സമിതി ശിപാർശകൾ നടപ്പാക്കുവാനുള്ള നടപടികൾ കൈക്കൊള്ളാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് 7-8-1999-ൽ സമിതി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുണ്ടായി.

തിരുവനന്തപുരം മൃഗശാലയിൽ പ്ലാസ്റ്റിക് ഭക്ഷിച്ച് മാൻ ചത്ത സംഭവത്തിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. ഇത്തരം സ്ഥിതിവിശേഷങ്ങൾ ഒഴിവാക്കാനായി തീർത്ഥാടന കേന്ദ്രങ്ങളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മ്യൂസിയം-മൃഗശാല വകുപ്പുകളിലും പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടുവരുന്നത് നിരോധിക്കണമെന്നും ആയതിലേക്കായി വേണ്ടിവന്നാൽ നിയമനിർമ്മാണംതന്നെ നടത്തണമെന്നും സമിതി നിർദ്ദേശിച്ചു അതോടൊപ്പം എല്ലാ നഗരങ്ങളിലും പ്ലാസ്റ്റിക് വേസ്റ്റ് നിക്ഷേപിക്കുന്നതിന് പ്രത്യേകം വേസ്റ്റ്ബിന്നുകൾ സ്ഥാപിക്കണമെന്നും സമിതി നിർദ്ദേശിച്ചു പ്ലാസ്റ്റിക് വേസ്റ്റ് പൊതുനിരത്തിൽ നിക്ഷേപിക്കുന്നതിനെതിരെ കർശന നടപടി എടുക്കുന്നതിന് മുനിസിപ്പാലിറ്റികളിലെ ഹെൽത്ത് വിഭാഗത്തിന് നിർദ്ദേശം നൽകണമെന്നും ആയതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി പ്രസ്തുത വിഭാഗം ശക്തിപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു

മാലിന്യ കൂമ്പാരങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ചെടുക്കുന്നതിന് സന്നദ്ധസംഘടനകളെ സാമ്പത്തിക ആനുകൂല്യങ്ങൾ ഉൾപ്പെടെ നൽകി ഉൽസുകരാക്കേണ്ടതിന്റെ ആവശ്യകത സമിതി ഊന്നിപ്പറയുകയും റസിഡന്റ്സ് അസോസിയേഷനുകൾക്ക് അർഹമായ പ്രാതിനിധ്യം നൽകി പ്ലാസ്റ്റിക് നിരോധിത മേഖല എന്നുള്ള ആശയം പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുകയും ചെയ്തു ഡീ-ഗ്രേഡബിൾ ആയ പ്ലാസ്റ്റിക് ബാഗ് നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ഇൻസന്റീവ് നൽകുന്നതും നികുതി ഇളവ് അനുവദിക്കുന്നതും അഭികാമ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ചവർകൂനകൾ നീക്കം ചെയ്യുന്നതിന് യന്ത്രസംവിധാനം ഏർപ്പെടുത്തി രാത്രിസമയത്ത് ഇത്തരം പ്രവൃത്തി ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡോ. കെ. ആർ. ജ്ഞാനകൻ വികസിപ്പിച്ചെടുത്തിട്ടുള്ള "പ്ലാസ്റ്റിക് റോഡ് " വിദ്യ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതയും പ്ലാസ്റ്റിക് വിപത്തിനെതിരെ വ്യാപകമായ പ്രചാരണം നടത്തേണ്ടതിന്റെ ആവശ്യകതയും പരിശോധിക്കപ്പെടേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു പ്രചാരണ ആവശ്യത്തിനായി ആഡിയോ-വിഷ്വൽ ഡിസ്പ്ലേകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവയെ പരമാവധി ഉപയോഗപ്പെടുത്തണമെന്നും ഇതിനായി സി-ഡിറ്റ് എന്ന സ്ഥാപനത്തിനെ നോഡൽ ഏജൻസിയായി നിശ്ചയിക്കണമെന്നും സമിതി ശിപാർശ ചെയ്തു. അതോടൊപ്പം സ്കൂൾ, കോളേജ് തലങ്ങളിൽ പ്ലാസ്റ്റിക് വിപത്തിനെതിരെ ബോധവൽക്കരണം അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു

പ്ലാസ്റ്റിക് ഉപഭോഗം നിയന്ത്രിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള ഡ്രാഫ്റ്റ് റൂൾസിന്റെ കോപ്പി സമിതിയുടെ അറിവിലേക്കായി ലഭ്യമാക്കണമെന്നും സംസ്ഥാനത്തിനുള്ളിലേക്ക് മറ്റിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടുവരുന്നത് നിരുത്സാഹപ്പെടുത്തണമെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട ഓണച്ചന്തകളിലും മാവേലി/നീതി സ്റ്റോറുകളിലും പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്തു

പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതുമൂലം സംജാതമാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റിയും ഇക്കാര്യം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റിയും 7-8-1999-ൽ സമിതി നടത്തിയ പ്രായോഗിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നഗരങ്ങളിലെ പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് സാധനങ്ങൾ ഉപേക്ഷിക്കുന്നത് നിരോധിക്കുന്നതും ശിക്ഷാർഹമാക്കുന്നതും സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ജി) വകുപ്പ് 21-2-2000-ലെ 2670/ജി3/99/തസ്വഭവ. നമ്പർ ആയി ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കുലർ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു

പരിസ്ഥിതി സംബന്ധിച്ച സമിതി (1996-98)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി, തദ്ദേശസ്വയംഭരണം, വ്യവസായം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന പത്രികകൾ സമിതിക്ക് ലഭ്യമാക്കിയതിനെ തുടർന്ന് സമിതി അവ വിശദമായി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## റിപ്പോർട്ടിലെ ശിപാർശകളും അതിൻമേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും

### ശിപാർശ നമ്പർ 1, 2, 7

പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം നിയന്ത്രിക്കുന്നതിന് നിയമനടപടികൾ സംബന്ധിച്ച് സമിതി നൽകിയ 1, 2, 7 എന്നീ ശിപാർശകളും ശാസ്ത്രസാങ്കേതിക പരിസ്ഥിതി (ബി) വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശവും ചുവടെ ചേർക്കുന്നു:

(1) പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം നിയന്ത്രിക്കുന്നതിന് നിയമപരമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(2) ഒന്നാംഘട്ടമെന്ന നിലയിൽ പ്ലാസ്റ്റിക് കവറുകൾ, പാക്കിംഗ് മെറ്റീരിയൽസ്, പരിസ്ഥിതിക്ക് ഏറെ ദോഷം ചെയ്യുന്ന ടംബ്ലറുകൾ, സ്ട്രാകൾ, പെറ്റ്ബോട്ടിലുകൾ, കവറിംഗ് മെറ്റീരിയൽസ് മുതലായവയുടെ ഉൽപ്പാദനവും ഉപഭോഗവും നിരോധിക്കുകയും നിരോധനം ലംഘിക്കുന്നവരെ ശിക്ഷാനടപടികൾക്ക് വിധേയരാക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(7) ജൈവിക ജീർണ്ണനം (ബയോഡിഗ്രേഡബിൾ) സംഭവിക്കുന്ന പ്ലാസ്റ്റിക് ഒഴികെ ബാക്കിയെല്ലാ പ്ലാസ്റ്റിക്കിന്റെയും ഉൽപ്പാദനവും ഉപയോഗവും ഘട്ടംഘട്ടമായി നിരോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### ശാസ്ത്രസാങ്കേതിക പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ -371/ബി1/98/സ്റ്റെഡ് തീയതി 27-6-2001)

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച റീസൈക്കിൾഡ് പ്ലാസ്റ്റിക് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ് (എസ്.ഒ.705 തീയതി 2-9-1999) പ്രകാരം പ്ലാസ്റ്റിക്കിന്റെ ഉപയോഗം വിശ്ലേഷണം, വിനിമയം, വിക്രയം എന്നീ കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് എല്ലാ ജില്ലാ കളക്ടർമാരും പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം നിയന്ത്രിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ആഹാരസാധനങ്ങൾ പൊതിയുന്നതിനും സൂക്ഷിക്കുന്നതിനും കൊണ്ടുപോകുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും പുനരുൽപ്പാദിപ്പിച്ച പ്ലാസ്റ്റിക് ഉപയോഗിക്കരുതെന്ന് നിയമം അനുശാസിക്കുന്നതായി ഉപഭോക്താക്കളെയും പ്ലാസ്റ്റിക്കിന്റെ നിർമ്മാണ വേളയിൽ സ്വീകരിക്കേണ്ടുന്ന ചട്ടങ്ങളെപ്പറ്റി നിർമ്മാതാക്കളെയും ബോധവാന്മാരാക്കുന്നതിലേക്കായി വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽപ്പന നടത്തുന്ന മൊത്തക്കച്ചവടക്കാർ തങ്ങളുടെ കൈവശമുള്ള കവറുകളുടെ

സ്റ്റോക്കവിവരം ഇതിനകം തന്നെ ബന്ധപ്പെട്ട കളക്ടർമാരെ അറിയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 20 മൈക്രോണിൽ കുറഞ്ഞ കനമുള്ള കവറുകൾ ഉപയോഗിക്കുന്ന കച്ചവടക്കാർക്കെതിരെ നടപടിയെടുക്കാൻ കളക്ടർമാർക്ക് സാധ്യമാവും.

ശിപാർശ നമ്പർ 3, 5, 9

പ്ലാസ്റ്റിക്കിന്റെ മലിനീകരണത്തിനെതിരായി പ്ലാസ്റ്റിക്കിനു പകരം പ്രകൃതിദത്തമായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് ബോധവൽക്കരണം നൽകുന്നതു സംബന്ധിച്ച 3, 5, 9 എന്നീ ശിപാർശകളും ആയതിന് ശാസ്ത്രസാങ്കേതിക പരിസ്ഥിതി (ബി) വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

(3) പ്ലാസ്റ്റിക് മലിനീകരണ പ്രശ്നങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വ്യാപകമായ പ്രചാരണങ്ങൾ/പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നീ മാധ്യമങ്ങളിലൂടെയും എൻ.ജി.ഒ.-മാർ, പ്രകൃതി സംരക്ഷണ സമിതികൾ, സന്നദ്ധ സംഘടനകൾ എന്നിവവഴി പ്രചാരണം സംഘടിപ്പിക്കുകയും/സ്കൂൾ കോളേജ് തലത്തിൽ എൻവയോൺമെന്റൽ ഫ്രണ്ട്‌ലി സൊസൈറ്റികൾ രൂപീകരിച്ച് പ്രചാരണം നടത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(5) പ്ലാസ്റ്റിക്കിനു പകരമായി പ്രകൃതിദത്തമായ ജൈവിക ജീർണ്ണന വസ്തുക്കളായ പേപ്പർ ബാഗുകൾ, റബ്ബർ ബാഗുകൾ, തുണി ബാഗുകൾ മുതലായവ ഉപയോഗിച്ചുകൊണ്ട് പായ്ക്കിംഗ് മെറ്റീരിയൽസ് ഉണ്ടാക്കുകയും ആയതിലേക്ക് ആവശ്യമായ സബ്സിഡി അടക്കമുള്ള സാമ്പത്തികസഹായം നൽകി ഖാദി, ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(9) പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ ബോർഡുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ശാസ്ത്രസാങ്കേതിക പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 371/ബി1/98/ശാസ്ത്ര തീയതി 27-6-2001)

പ്ലാസ്റ്റിക് മലിനീകരണ പ്രശ്നങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കാര്യക്ഷമമായ പല പരിപാടികളും ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. പ്ലാസ്റ്റിക്കിന്റെ ഗുണദോഷവശങ്ങളും മാനേജ്മെന്റ് രീതികളും സമഗ്രമായി പ്രതിപാദിക്കുന്ന പ്ലാസ്റ്റിക് ഒരു ബോധവൽക്കരണ സഹായി എന്ന പുസ്തകം വകുപ്പ് പ്രസിദ്ധീകരിച്ചു. ഈ പുസ്തകം ബോധവൽക്കരണരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്കും വ്യക്തികൾക്കും എത്തിച്ചുകൊടുക്കുകയുണ്ടായി. കൂടാതെ പ്ലാസ്റ്റിക് മലിനീകരണ പ്രശ്നങ്ങളെപ്പറ്റി റേഡിയോ, ടെലിവിഷൻ, പത്രമാസികകൾ എന്നിവകളിലൂടെ വ്യാപകമായ ബോധവൽക്കരണ പരിപാടികളും നടത്തി. ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള 250-ഓളം സന്നദ്ധ സംഘടനകൾക്ക് ബോധവൽക്കരണ പരിപാടികൾ നടത്താൻ സാമ്പത്തിക സഹായം നൽകുകയും പ്ലാസ്റ്റിക് മാനേജ്മെന്റ് അതിൽ ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തുകയും ചെയ്തു.

ശിപാർശ നമ്പർ 4

പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ തുറസ്സായ സ്ഥലങ്ങളിലും തോടുകൾ, നദികൾ, കായലുകൾ, കടൽ മുതലായവയിലേക്കും വലിച്ചെറിയുന്നത് ശിക്ഷാർഹമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61786/ഡിസി1/2014/തസ്വഭവ. തീയതി 26-9-2014)

പാഴ്‌വസ്തുക്കൾ ഉൾപ്പെടെയുള്ള അജൈവവസ്തുക്കൾ തരംതിരിച്ച് അവ ഉണ്ടാകുന്ന സ്ഥലത്തുതന്നെ സംഭരിക്കാനുള്ള സൗകര്യം ഉണ്ടാക്കാനും അപ്രകാരം സംസ്കരണത്തിന് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാനും പുതുക്കി നൽകാനും നടപടി എടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമഭേദഗതി പഞ്ചായത്തീരാജ് ആക്ടിലെ 219-ാം വകുപ്പിൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം നിലവിൽ വരുത്തിയിട്ടുണ്ട്. ഇത് ലംഘിക്കുന്നവർക്കെതിരെ 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവോ 10,000 രൂപയിൽ കുറയാത്തതും 50,000 രൂപ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് അനുമതിയും ഇവയുടെ നിർവ്വഹണത്തിലേക്കായി സാമ്പത്തികസഹായവും നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതിയും സാമ്പത്തികസഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 5

പ്ലാസ്റ്റിക്കിനു പകരമായി പ്രകൃതിദത്തമായ ജൈവിക ജീർണ്ണന വസ്തുക്കളായ പേപ്പർ ബാഗുകൾ, റബ്ബർ ബാഗുകൾ, തുണി ബാഗുകൾ മുതലായവ ഉപയോഗിച്ചുകൊണ്ട് പായ്ക്കിംഗ് മെറ്റീരിയൽസ് ഉണ്ടാക്കുകയും ആയതിലേക്ക് ആവശ്യമായ സബ്സിഡി അടക്കമുള്ള സാമ്പത്തികസഹായം നൽകി പ്രോത്സാഹനം ഖാദി, ചെറുകിട വ്യവസായങ്ങൾക്ക് നൽകേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വ്യവസായ (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 33468/സി1/98/വ്യവ. തീയതി 17-2-2001)

ഗ്രാമീണമേഖലകളിൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന നിരവധി വ്യവസായങ്ങൾക്ക് ഖാദി ബോർഡ് വിവിധ തരത്തിലുള്ള സാമ്പത്തികസഹായം നൽകിവരുന്നുണ്ട്. ലെതർ/റെക്സിൻ ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ബോർഡിന്റെ നിയന്ത്രണത്തിൽ

തിരുവനന്തപുരം ആസ്ഥാനമാക്കി ലെതർ ഫെഡറേഷൻ പ്രവർത്തിച്ചുവരുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ശബരിമലയിൽ ഖാദി തുണികൊണ്ട് നിർമ്മിച്ച വ്യത്യസ്ത വലിപ്പത്തിലുള്ള സഞ്ചികൾ വിപണനത്തിന് ഇറക്കിക്കഴിഞ്ഞു.

കടലാസിൽ നിന്നും പേപ്പർ ക്യാരി ബാഗുകൾ നിർമ്മിക്കുന്നതിന് ഖാദി ബോർഡിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ ഇലന്തൂരിൽ ഒരു യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് ഫയൽക്കവറുകൾക്കു പകരമായി പേപ്പർ ഫയലുകളും വിപണിയിലിറക്കുന്നുണ്ട്.

## ശിപാർശ നമ്പർ 6

പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പകരം ചണം, കയർ, വാഴനാര്, കവുങ്ങിൻപാള, പരുത്തിനൂൽ, പനയോല, പനനാര് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ആകർഷകമായ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും ചിരട്ട ഉപയോഗിച്ചുകൊണ്ടുള്ള ഐസ്ക്രീം കപ്പുകൾ മുതലായവ നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61786/ഡിസി1/2014/തസ്വഭവ. തീയതി 26-9-2014)

പ്ലാസ്റ്റിക്കിന് ബദൽ വസ്തുക്കളായ പേപ്പർ സഞ്ചികൾ, തുണി സഞ്ചികൾ, ചണം കൊണ്ടുള്ള സഞ്ചികൾ തുടങ്ങിയവയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ വഴി തദ്ദേശസ്വയംഭരണ വകുപ്പും ചെറുകിട വ്യവസായങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പും അവ പ്രചരിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

## ശിപാർശ നമ്പർ 8

പ്ലാസ്റ്റിക് ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറിക്കും പുതുതായി ലൈസൻസ് കൊടുക്കാതിരിക്കാനും നിലവിലുള്ളവയെ ഡൈവേഴ്സിഫൈ ചെയ്യാനും അതിനുവേണ്ടി സാമ്പത്തികസഹായവും സബ്സിഡിയും നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### വ്യവസായ (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 22988/എഫ്2/05/വ്യവ. തീയതി 21-4-2006)

1999-ൽ ഭാരത സർക്കാരിന്റെ പരിസ്ഥിതി വനമന്ത്രാലയം "പ്ലാസ്റ്റിക് ഉൽപ്പാദനവും വിൽപ്പനയും ഉപയോഗവും ചട്ടങ്ങൾ, 1999" വിജ്ഞാപനം ചെയ്തു. തുടർന്ന് 2003-ൽ ടി ചട്ടങ്ങളുടെ ഭേദഗതി ചട്ടങ്ങളും വിജ്ഞാപനം ചെയ്തു. ഈ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകവഴി പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കുന്ന കണ്ടെയ്നറുകളും ക്യാരി ബാഗുകളും ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

പ്രസ്തുത ചട്ടങ്ങളിലെ 3(എ)പ്രകാരം പ്ലാസ്റ്റിക് കണ്ടെയ്നറുകളും ക്യാരി ബാഗുകളും ഉൽപ്പാദിപ്പിക്കുന്നതിന്റേയും പുനഃചംക്രമണം ചെയ്യുന്നതിന്റേയും വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ്. 3(ബി)പ്രകാരം ഇവയുടെ ഉപയോഗം, ശേഖരണം, തരംതിരിക്കൽ, കൊണ്ടുപോകൽ, നിർമ്മാർജ്ജനം ചെയ്യൽ എന്നിവ നിയന്ത്രിക്കുന്നത് അതത് ജില്ലാ കളക്ടർമാരാണ്.

പ്രസ്തുത ചട്ടങ്ങളിലെ റൂൾ 4 പ്രകാരം വിർജിൻ, റീസൈക്കിൾഡ് പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉൽപ്പാദനത്തിനും വിൽപ്പനയ്ക്കും വിതരണത്തിനും ഉപയോഗത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ചട്ടങ്ങളിൽ പറയുന്ന അളവിലും ഘനത്തിലും മാത്രമേ ക്യാരി ബാഗുകൾ ഉൽപ്പാദിപ്പിക്കാവൂ. ക്യാരി ബാഗുകളുടെ ഏറ്റവും കുറഞ്ഞ കനം 20 മൈക്രോണായി നിജപ്പെടുത്തിയിട്ടുണ്ട്.

"റൂൾ 5 പ്രകാരം വിർജിൻ പ്ലാസ്റ്റിക് കണ്ടെയ്നറുകളും ക്യാരി ബാഗുകളും തനതു നിറമോ വെള്ളനിറമോ ആയിരിക്കണം. റീസൈക്കിൾഡ് പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയവ ഐ.എസ്. കോഡിൽ പറഞ്ഞിരിക്കുന്ന പിഗ്മെന്റും നിറങ്ങളും മാത്രമേ ഉപയോഗിക്കാവൂ.

റൂൾ 6 പ്രകാരം പ്ലാസ്റ്റിക്കിന്റെ പുനഃചംക്രമണം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ മാർഗ്ഗരേഖയനുസരിച്ചായിരിക്കണം.

റൂൾ 7 പ്രകാരം റീസൈക്കിൾഡ് പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ പ്ലാസ്റ്റിക് റീസൈക്കിളിംഗിനുള്ള മാർഗ്ഗരേഖയനുസരിച്ച് മുദ്രണം ചെയ്യണം. റീസൈക്കിൾഡ് പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കുന്ന ഉൽപ്പന്നത്തിൽ റീസൈക്കിൾഡ് എന്നും എത്ര ശതമാനം റീസൈക്കിൾഡ് പ്ലാസ്റ്റിക് ഉണ്ടെന്നും മുദ്രണം ചെയ്യണം".

പ്ലാസ്റ്റിക് വ്യവസായങ്ങൾക്ക് രജിസ്ട്രേഷൻ നൽകുകയോ പുതുക്കുകയോ ചെയ്യുന്ന വേളയിൽ മേൽപ്പറഞ്ഞ 5, 6, 7, 8 ചട്ടങ്ങൾ പാലിച്ചാൽ മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളൂ. ഇതു കൂടാതെ ജല, വായു മലിനീകരണ നിയന്ത്രണ നിയമങ്ങൾ പ്രകാരമുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസെന്റ് യൂണിറ്റിന് ഉണ്ടായിരിക്കണം. ഇതുവരെ ബോർഡ് 200 സ്ഥാപനങ്ങൾക്ക് പ്ലാസ്റ്റിക് റൂൾസ് പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ റൂൾ 10 അനുസരിച്ച് പ്ലാസ്റ്റിക് കണ്ടെയ്നറുകളും ക്യാരി ബാഗുകളും ഉൽപ്പാദിപ്പിക്കാൻ ബോർഡിന്റെ രജിസ്ട്രേഷൻ സമ്പാദിച്ചിരിക്കണം.

പ്ലാസ്റ്റിക് വ്യവസായങ്ങൾക്ക് പൂർണ്ണമായി നിരോധനം ഏർപ്പെടുത്തേണ്ട കാര്യമില്ല. പ്ലാസ്റ്റിക് ക്യാരി ബാഗുകളും കപ്പികളും കത്തിച്ചാൽ ഡയോക്സിൻ, ഫ്യൂറാൻ തുടങ്ങിയ വിഷവാതകങ്ങൾ ഉണ്ടാകും എന്ന ധാരണയാണ് നിരോധന ആവശ്യം ഉന്നയിക്കാൻ ഇടയാക്കുന്നത്. പല കാര്യങ്ങൾക്കും പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം തുണി, ചണം, കടലാസ് എന്നിവകൊണ്ടുള്ള സഞ്ചികൾ ഉപയോഗിക്കാൻ കഴിയുകയില്ല. പോളി എത്തിലീൻ, പോളി പ്രോപ്പിലീൻ, പോളി സ്റ്റൈറീൻ, പെറ്റ് കപ്പികൾ എന്നിവയിൽ കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ എന്നീ മൂലകങ്ങളാണ് അടങ്ങിയിരിക്കുന്നത്. അവ കത്തിച്ചാൽ വെള്ളവും കാർബൺഡൈഓക്സൈഡുമാണ് ഉണ്ടാകുക. പി.വി.സി. പോലെ ക്ലോറിൻ കലർന്ന പ്ലാസ്റ്റിക് 500°c-ന മുകളിൽ ചൂടിൽ കത്തിച്ചാൽ മാത്രമേ

വിഷവാതകങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള. 2000-ാമാണ്ടിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത മുനിസിപ്പൽ ഖരമാലിന്യങ്ങളുടെ കൈകാര്യം ചെയ്യൽ ചട്ടങ്ങളിൽ നാഗരിക മാലിന്യങ്ങളുടെ ശേഖരണം, തരംതിരിക്കൽ, സംഭരണം, കൊണ്ടുപോകൽ, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നാഗരിക മാലിന്യങ്ങളിൽ ഉൾപ്പെടുന്ന പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളും ഈ ചട്ടങ്ങൾ അനുസരിച്ച് ശേഖരിക്കപ്പെടുകയും നിർമ്മാർജ്ജനം ചെയ്യപ്പെടുകയും ചെയ്യും.

### ശിപാർശ നമ്പർ 10

ടൂറിസ്റ്റുകേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കണമെന്നും അവിടങ്ങളിൽ പ്ലാസ്റ്റിക് ബാഗുകൾ ഉപയോഗിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61786/ഡിസി1/2014 ത.സ്വ.ഭ.വ. തീയതി 26-9-2014)

ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളിലും, തീർത്ഥാടന സ്ഥലങ്ങളിലും പ്ലാസ്റ്റിക് കവറുകൾ നിരോധിക്കാൻ നടപടി എടുത്തിട്ടുണ്ട്. ഗുരുവായൂരിലും ശബരിമലയിലും തീർത്ഥാടനത്തിന്റെ ഭാഗമായി ഇവ നിരോധിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശീയമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ ബന്ധപ്പെട്ട നഗരസഭകൾ വഴി നിരോധനാജ്ഞ നൽകി നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

സി. പി. മുഹമ്മദ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഫെബ്രുവരി 11.

അനുബന്ധം

# കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ജി) വകുപ്പ്

നമ്പർ 2670/ജി3/90/തസ്വഭവ. തിരുവനന്തപുരം, 21-2-2000.

## സർക്കുലർ

വിഷയം:—പ്ലാസ്റ്റിക് മാലിന്യങ്ങൾമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ—നഗരങ്ങളിലെ പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് സാധനങ്ങൾ ഉപേക്ഷിക്കുന്നത് നിരോധിക്കുന്നതും ശിക്ഷാർഹമാകുന്നതും സംബന്ധിച്ച്—നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നതുമൂലം സംജാതമാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റിയും ഇക്കാര്യം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും കേരള നിയമസഭയുടെ പരിസ്ഥിതി സമിതി (1996-98) 1997 ജൂലൈ 22-ാം തീയതി സമർപ്പിച്ച അഞ്ചാമത് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. കൂടാതെ 7-8-1999-ൽ ഈ വിഷയത്തിൽ സമിതി നടത്തിയ തെളിവെടുപ്പിനെത്തുടർന്ന് ചില പ്രായോഗിക നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

2. പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളുടെ ജൈവിക അജീർണ്ണനാവസ്ഥ പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ഭീഷണിയാകയാൽ, പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയമാനുസൃതമായ കർശന നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഇക്കാര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്:

(1) പ്ലാസ്റ്റിക് മലിനീകരണ പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പുനരുപയോഗം ചെയ്യാൻ സാദ്ധ്യമല്ലാത്ത തരം പ്ലാസ്റ്റിക്കിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാൽ സാദ്ധ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

(2) എല്ലാ നഗരങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ മാത്രം ശേഖരിക്കുന്നതിനായി പ്രത്യേക സംഭരണികൾ സ്ഥാപിക്കേണ്ടതും പ്ലാസ്റ്റിക് വസ്തുക്കൾ പൊതുനിരത്തിൽ ഉപേക്ഷിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതിനായി നഗരസഭകളിലെ ആരോഗ്യശുചീകരണ വിഭാഗം കാര്യക്ഷമമാക്കേണ്ടതാണ്.

(3) പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ടംബ്ലറുകൾ, സ്ട്രോ, പെറ്റ് ബോട്ടിലുകൾ തുടങ്ങിയവ വിനോദസഞ്ചാര കേന്ദ്രങ്ങൾ, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, തടാകങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നത് നിയന്ത്രിക്കേണ്ടതും, പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് വസ്തുക്കളെ ഉപേക്ഷിക്കുന്നത് നിരോധിക്കേണ്ടതുമാണ്.

(4) മാലിന്യ കൂമ്പാരങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ചെടുത്ത് പ്രത്യേകമായി നീക്കം ചെയ്യാൻ കഴിയുന്നതിനായി, സന്നദ്ധസംഘടനകളെ സാമ്പത്തികാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള പ്രോൽസാഹനം നൽകി ഉൽസുകരാക്കേണ്ടതും, റസിഡന്റ്സ് അസോസിയേഷനുകൾക്ക് അർഹമായ പ്രാതിനിധ്യം നൽകി "പ്ലാസ്റ്റിക് നിരോധിത മേഖല" എന്ന ആശയം പ്രാവർത്തികമാക്കേണ്ടതുമാണ്.

(5) നഗരങ്ങളിലെ പ്ലാസ്റ്റിക് നിരോധിത മേഖലകളിൽ പ്ലാസ്റ്റിക് നിരോധനം ലംഘിക്കുന്നവർക്കെതിരെ കേരള മുനിസിപ്പൽ ആക്റ്റിലെ 340-ാം വകുപ്പനുസരിച്ചുള്ള നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്.

(6) പൊതുചടങ്ങുകൾ സംഘടിപ്പിക്കുന്നതിനായി നഗരസഭകൾ നൽകുന്ന അനുമതി വ്യവസ്ഥകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

ടി. ബാലകൃഷ്ണൻ,

*ഗവൺമെന്റ് സെക്രട്ടറി,*
*തദ്ദേശസ്വയംഭരണ വകുപ്പ്.*

പകർപ്പ് :—എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്

ഡയറക്ടർ, മുനിസിപ്പാലിറ്റീസ് വകുപ്പ്

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

ഡയറക്ടർ, ആരോഗ്യ വകുപ്പ്

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

തദ്ദേശസ്വയംഭരണ (ബി/കെ) വകുപ്പുകൾ

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ശാസ്ത്രസാങ്കേതിക പരിസ്ഥിതി (ബി) വകുപ്പ്.